"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്-ബി) വകുപ്പ്**

നം.റൂൾബി2/49/2026-പി.&എ.ആർ.ഡി. തിരുവനന്തപുരം,തീയതി: 26-05-2026

<u>സർക്കുലർ</u>

വിഷയം:- പി.&എ.ആർ.ഡി. - കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്ന 'അവസാന വാർഷിക സ്വത്ത് വിവര പത്രിക ഫയൽ ചെയ്ത തീയതി' സ്പാർക്ക് സോഫ്റ്റ് വെയർ നിന്നും ശേഖരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 10.03.2026 തീയതിയിലെ 3398611/ITSF-4/19/2026-FIN നമ്പർ അനൗദ്യോഗിക കുറിപ്പ്.

സർക്കാർ ജീവനക്കാരുടെ കോൺഫിഡഷ്യൽ റിപ്പോർട്ടുകൾ ഓൺലൈനായി 'സ്കോർ' സോഫ്റ്റ് വെയർ മുഖേനയാണ് സമർപ്പിച്ചു വരുന്നത്. കോൺഫിഡഷ്യൽ റിപ്പോർട്ടുകൾ ഫയൽ ചെയ്യുമ്പോൾ അവസാന വാർഷിക സ്വത്ത് വിവര പത്രിക ഫയൽ ചെയ്ത തീയതി നിർബന്ധമായും രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ചില ജീവനക്കാർ മുൻ വർഷങ്ങളിലെ കോൺഫിഡഷ്യൽ റിപ്പോർട്ടുകൾ ഒരുമിച്ച് ഫയൽ ചെയ്യുന്നതിനാൽ, പ്രസ്തുത സാഹചര്യങ്ങളിൽ രേഖപ്പെടുത്തേണ്ട 'അവസാന വാർഷിക സ്വത്ത് വിവര പത്രിക ഫയൽ ചെയ്ത തീയതി' സംബന്ധിച്ച് ആശയക്കുഴപ്പം നിലനിൽക്കുന്നതായി ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

പ്രസ്തുത വിഷയം പരിശോധിക്കുകയും പല വർഷങ്ങളിലെ വാർഷിക കോൺഫിഡഷ്യൽ റിപ്പോർട്ടുകൾ ഒരുമിച്ച് ഫയൽ ചെയ്യുന്ന കേസുകളിൽ, അനുബന്ധ വർഷങ്ങളിലെ പ്രോപ്പർട്ടി റിട്ടേൺസ് ഫയൽ ചെയ്തതിന്റെ വിശദാംശങ്ങളാണ് സ്പാർക്കിൽ നിന്ന് ലഭ്യമാക്കേണ്ടതെന്നും, മറ്റെല്ലാ കേസുകളിലും അവസാനം പ്രോപ്പർട്ടി റിട്ടേൺസ് ഫയൽ ചെയ്തതിന്റെ വിശദാംശങ്ങളായിരിക്കും സ്പാർക്കിൽ നിന്ന് ലഭ്യമാക്കേണ്ടതെന്നും തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കോൺഫിഡഷ്യൽ റിപ്പോർട്ടുകൾ ഓൺലൈനായി 'സ്കോർ' സോഫ്റ്റ് വെയർ മുഖേന സമർപ്പിക്കുന്ന സമയത്ത് 'സ്പാർക്ക്' സോഫ്റ്റ് വെയറിൽ നിന്നും ശേഖരിക്കുന്ന "വാർഷിക പ്രോപ്പർട്ടി റിട്ടേണുകൾ (APR) ഫയൽ ചെയ്ത തീയതി" ആയിരിക്കും കോൺഫിഡഷ്യൽ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതെന്നും, യഥാസമയം പ്രോപ്പർട്ടി റിട്ടേണുകൾ ഫയൽ ചെയ്യാത്ത ജീവനക്കാരുടെ വിഷയത്തിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടിലെ പ്രസ്തുത ഫീൽഡ് വിവരങ്ങൾ രേഖപ്പെടുത്താതെയായിരിക്കും ഫയൽ ചെയ്യപ്പെടുന്നത് എന്നുമുള്ള വിവരം എല്ലാ ജീവനക്കാരേയും അറിയിക്കുന്നു.

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും

എല്ലാ വകുപ്പ മേധാവികൾക്കും നിയമനാധികാരികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

അഡ്വക്കേറ്റ് ജനറൽ, കേരള (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം (ആമുഖ കുത്ത് സഹിതം)

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പകൾക്കും, എല്ലാ സെക്ഷനുകൾക്കും.

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് (വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ (www.pard.kerala.gov.in) ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sivakumar. G
Date: 26-05-2026 12:00:47

സെക്ഷൻ ഓഫീസർ.